പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 376 | 04.06.2018 ൽ മറുപടിയ്ക്ക് |
|---|---|
| **വനിതാ ശിശുവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.മുരളി പെരുനെല്ലി**<br>**,, എസ്.രാജേന്ദ്രൻ**<br>**,, കെ. വി.വിജയദാസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) പുതുതായി രൂപീകരിച്ച വനിതാ ശിശുവികസന വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനും ശാക്തീകരണത്തിനുമായി നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനിത ശിശു വികസന വകുപ്പ് മുഖേന താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. അഭയകിരണം- നിരാലംബരായ വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഒരംഗത്തിന് നിബന്ധനകൾക്ക് വിധേയമായി 1,000/- രൂപ പ്രതിമാസം ധനസഹായം നൽകുന്നു.<br>2. കൈത്താങ്ങ് പദ്ധതി - സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി 'കൈത്താങ്ങ്' എന്നൊരു കർമ്മസേന രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>3. വൺ ഡേ ഹോം - വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാനത്ത് തനിച്ച് എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ വൺ ഡേ ഹോം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീ ശാക്തീകരണത്തിനും നിയമാവബോധം വളർത്തുന്നതിനുമായി 'സധൈര്യം മുന്നോട്ട്' എന്ന പേരിൽ വിവിധ ബോധവൽക്കരണ പരിപാടികൾ |

നടത്തിവരുന്നു.

4. മംഗല്യ പദ്ധതി- പുനർ വിവാഹ ധനസഹായ പദ്ധതി പ്രകാരം സാധുക്കളായ വിധവകളുടെ പുനർവിവാഹത്തിന് 25,000/- രൂപ നൽകുന്നു. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസധനസഹായം നൽകിവരുന്നു.

5. ലൈംഗിക ചൂഷണം തടയാൻ ഇരകളെ മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്ര പദ്ധതി 'ഉജ്ജ്വല സ്കീം'

6. ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ ഇടങ്ങിയവരെ പുനരധിവസിപ്പിക്കുന്നതിനുള്ള 'സ്വാധാർ ഗ്രേഹ് പദ്ധതി'

7. ഗാർഹിക പീഡന നിരോധന നിയമം 26/10/2006 ൽ നിലവിൽ വന്ന സംസ്ഥാനത്ത് ടി നിയമം വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ മുഖേന നടപ്പിലാക്കി വരുന്നു.

8. സ്ത്രീധന നിരോധന നിയമം സംബന്ധിച്ച ബോധവൽക്കരണ പരിപാടി 2017-18 മുതൽ നടപ്പിലാക്കുന്നു.

9. കൗമാരക്കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാനത്തെ 163 സ്കൂളുകളിൽ കേന്ദ്ര സർക്കാർ പദ്ധതിയായ 'കിശോരി ശക്തി യോജന' നടപ്പിലാക്കുന്നു.

10. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട ആരോഗ്യം നേടാൻ ഉപയുക്തമാക്കുന്നതിനുമായി പ്രധാനമന്ത്രി മാതൃവന്ദനാ യോജന പദ്ധതി

11. കുട്ടികളുടെ പോഷണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നാഷണൽ ന്യൂട്രീഷൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചു.

12. ജാതക്-ജനനി പദ്ധതി- പോഷകാഹാരക്കുറവ് മൂലമുള്ള ശിശുമരണനിരക്ക് നിയന്ത്രണവിധേയമാക്കുന്നതിലേക്കായി ഐ സി ഡി എസ് മുഖേന നടപ്പിലാക്കി വരുന്ന തുടർ പദ്ധതി. Schemes for adolescent girls എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 11 മുതൽ 18 വയസ്സുവരെയുള്ള പെൺകുട്ടികൾക്കായി കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലായി നടത്തി വരുന്നു.

13 . അനുപൂരക പോഷണ പദ്ധതി, പ്രീ-സ്കൂൾ കിറ്റ്, മെഡിക്കൽ കിറ്റ് എന്നിവയുടെ വിതരണം തുടങ്ങിയവ അംഗൻവാടികൾ മുഖേന നടപ്പിലാക്കി വരുന്നു.

14. രാജ്യത്ത് ആൺ-പെൺ കുട്ടികളുടെ അനുപാതം കുറഞ്ഞുവരുന്നതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കി വരുന്ന 'ബേട്ടി ബചാവോ ബേട്ടി പഠാവോ' പദ്ധതി.

15. കുട്ടികളുടെ സംരക്ഷണത്തിനായി 571 ക്രഷുകൾ പ്രവർത്തിക്കുന്നു.

16. 18 വയസ്സിനു താഴെപ്രായമായ കുട്ടികൾക്കുണ്ടാവുന്ന ഗുരുതര രോഗചികിത്സയ്ക്കായി 'താലോലം' എന്നൊരു പദ്ധതിയും നടപ്പിലാക്കി വരുന്നു.

17. ടൈപ്പ് I പ്രമേഹരോഗം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്രപരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ 'മിഠായി' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

18. സംസ്ഥാനത്ത് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'കാവൽ'.

19. വിഷമകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികളുടെ Vulnerability Mapping തിരുവനന്തപുരത്തെ വിളപ്പിൽ പഞ്ചായത്തിലും മലപ്പുറം ജില്ലയിലെ പോരൂർ പഞ്ചായത്തിലും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

20. സ്വന്തം കുടുംബത്തിൽ കുട്ടികളെ വളർത്താൻ കഴിയാത്ത മാതാപിതാക്കൾ അവരെ താൽപര്യമുള്ള മറ്റ് കുടുംബങ്ങളിൽ നിശ്ചിതകാലയളവിലേയ്ക്ക് താമസിപ്പിച്ച് വളർത്തുന്ന പരിപാടിയാണ് വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതി.

21. അനാരോഗ്യപരമായ സ്വഭാവദൂഷ്യങ്ങളിലേക്ക് നയിക്കാവുന്ന സാഹചര്യങ്ങളിൽ നിന്നും കുട്ടികളെ ഫലപ്രദമായി സംരക്ഷിക്കുന്നതിനും ആശ്വാസകരമല്ലാത്ത സ്വഭാവവ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് കൗൺസലിംഗ്, മെന്ററിംഗ്, വിദഗ്ധ പരിചരണം നൽകുന്നതിനുള്ള ഒരു പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC).

22. സമൂഹത്തിലെ നാനാവിഭാഗത്തിൽപ്പെടുന്ന സ്ത്രീജനവിഭാഗങ്ങളെ സമസ്തമണ്ഡലങ്ങളിലും മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് ചുവടെപ്പറയുന്ന പദ്ധതികളും നടപ്പാക്കി വരുന്നു: സ്നേഹസംഗമം, ഗാർഹിക പീഡനത്തിനിരയായവരുടെ ഷെൽട്ടർ ഹോമുകൾ, ഗാർഹിക പീഡനത്തിനിരയായവർക്കുള്ള നിയമസേവന കേന്ദ്രങ്ങൾ, സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള നിയമബോധവൽക്കരണപരിപാടി, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളെ

ചെറുക്കുന്നതിന് ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും നിയമബോധവൽക്കരണം നൽകുന്ന 'ശ്രദ്ധ' പദ്ധതി.

നിർഭയസെൽ മുഖേന ഷെൽട്ടർ ഹോം ഇല്ലാത്ത കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കൊല്ലം ജില്ലയിൽ പുതിയ ഷെൽട്ടർ ഹോം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, മലപ്പുറം എന്നീ നാല് ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിനായി ബോധവൽക്കരണം നടത്തുന്നതിന് വേണ്ടി പരിശീലകർക്കുള്ള പരിപാടിയും ഹാൻഡ്ബുക്കും തയ്യാറാക്കി വരുന്നു. പൊതുയിടങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി റേഡിയോ വഴിയും റെയിൽവേസ്റ്റേഷൻ, കെഎസ്ആർടിസി ബസ്സ്സ്റ്റാന്റ് എന്നിവിടങ്ങളിലും പരസ്യ പ്രചാരണം നടത്തിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം മുതൽ കേരള വനിതാ കമ്മീഷൻ വയനാട്ടിലെ അവിവാഹിതരായ ആദിവാസി അമ്മമാർക്ക് സൗജന്യ ഡി.എൻ.എ ടെസ്റ്റും അവരുടെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുവാൻ ഉതകുന്ന രീതിയിൽ സൗജന്യ നിയമ സഹായവും നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. മലബാർ മേഖലയിലുള്ള സ്ത്രീകളുടെ പ്രശ്ന പരിഹാരത്തിനായി കോഴിക്കോട് ജില്ലയിൽ വനിതാ കമ്മീഷന്റെ ഒരു

ഷിരൊ ഓഫീസ് തുടങ്ങുവാനുള്ള നടപടികളുകൾ നടത്തി വരുന്നു. കൂടാതെ തുടർന്ന് വരുന്ന പദ്ധതികളുടെ സ്റ്റേറ്റ് പ്ലാൻ സ്കീം, ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം എന്നിവയുടെ ഭാഗമായി അദാലത്തുകൾ, ഫാമിലി കൗൺസിലിംഗ്, ജാഗ്രതാ സമിതി പരിശീലനം, ഗവേഷണ പഠനങ്ങൾ, ശില്പശാല/സെമിനാറുകൾ ഓഡിയോ, വീഡിയോ, പ്രിന്റ് മീഡിയ വഴിയുള്ള ബോധവത്കരണം,കലാലയ ജ്യോതി എന്നി പദ്ധതികൾ കേരള വനിതാ കമ്മീഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

സ്ത്രീകളുടെ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മിത്ര 181(24x7) ടോൾ ഫ്രീ വിമൻ ഹെൽപ്പ് ലൈൻ പദ്ധതി
2. വനമിത്ര- കോഴിക്കോട് പേരാമ്പ്രയിൽ ആദിവാസി വനിതകൾക്ക് സമഗ്ര വികസന പദ്ധതി
3. വനിതകളെ തൊഴിലുകൾ ചെയ്യുന്നതിന് സജ്ജരാക്കുന്ന ഫിനിഷിങ്ങ് സ്കൂൾ പദ്ധതി
4. തിരുവനന്തപുരം, മലപ്പുറം എന്നി ജില്ലകളിൽ പുതുതായി രണ്ട് വനിതാ ഹോസ്റ്റലുകൾ ആരംഭിച്ചു.
5. വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന ഷീപാഡ് പദ്ധതി
6. സ്വയം തൊഴിൽ വായ്പ പദ്ധതി.

സംസ്ഥാനത്തുടനീളം 10 ജില്ലകളിലായി 300 വിധവകൾക്ക് സാരംഭകത്വ വികസന പരിശീലനം

| | |
|---|---|
| | നൽകി വരുന്നു. |
| (ബി) ജോലി സംബന്ധമായി നഗരങ്ങളിൽ ഒറ്റയ്ക്ക് താമസിക്കുകയോ യാത്രചെയ്യുകയോ ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ്; കൈത്താങ്ങ് കർമസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ; | (ബി) വിവിധ ആവശ്യങ്ങൾക്കായി നഗരങ്ങളിൽ താമസിച്ച് എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ വൺ ഡേ ഹോം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>കൈത്താങ്ങ് പദ്ധതി - സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ,മഹിള പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവരെ ഉൾപ്പെടുത്തി 'കൈത്താങ്ങ്' എന്നൊരു കർമ്മസേന രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (സി) ട്രാൻസ്ജെൻഡറുകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ? | (സി) ഇൻഡ്യയിലാദ്യമായി ഒരു ട്രാൻസ്ജെൻഡർ നയം സംസ്ഥാനത്ത് പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ടവർക്കായി ചുവടെ പറയുന്ന ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.<br><br>**1. <u>തിരിച്ചറിയൽ കാർഡ് വിതരണം</u>**<br>സംസ്ഥാനത്തെ മുഴുവൻ ട്രാൻസ്ജെന്റർ വ്യക്തികൾക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടന്നു വരുന്നു. ഇതിന്റെ ഒന്നാംഘട്ടമെന്ന നിലയിൽ സംസ്ഥാനത്ത് ഏകദേശം മുന്നൂറോളം ഐ.ഡി.കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷ |

സമർപ്പിക്കുന്ന [illegible] വ്യക്തികൾക്കും 2018 ഒക്ടോബറോടെ [illegible] കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

## 2. ബോധവൽക്കരണ പരിപാടികൾ

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ട്രാൻസ്ജെന്റർ വിഭാഗത്തോടുള്ള അവഗണന ഇല്ലാതാക്കുന്നതിനായി പൊതുജനങ്ങൾ, രക്ഷിതാക്കൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, മാദ്ധ്യമ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ഈ മേഖലയിൽ പ്രവർത്തിച്ച് വരുന്ന സന്നദ്ധസംഘടനകൾ, പത്രമാദ്ധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ സൂക്ഷ്മ ബോധന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നു.

## 3. ട്രാൻസ്ജെന്റർ സെൽ

ട്രാൻസ്ജെന്റർ പോളിസി പ്രകാരം ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഏകോപനത്തിനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു കേന്ദ്രീകൃത സംവിധാനമെന്ന നിലയിൽ ഒരു ട്രാൻസ്ജെന്റർ സെൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ട്രാൻസ്ജെന്റർ സെല്ലിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ 1 പ്രോജക്റ്റ് ഓഫീസർ, 2 പ്രോജക്റ്റ് അസിസ്റ്റന്റ്, 1 ഓഫീസ് അറ്റൻഡർ എന്നീ തസ്തികകളിൽ (ആകെ 4 പേർ) ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ട വ്യക്തികളെ

നിയമിച്ചിട്ടുണ്ട്.

## 4. തുടർ വിദ്യാഭ്യാസ പദ്ധതി

പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടി വന്ന ട്രാൻസ്ജെന്റർ വ്യക്തികൾക്ക് തുടർ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സാക്ഷരതാമിഷൻ അതോറിറ്റി വഴി സർവ്വേ നടത്തുകയും അതിൻപ്രകാരം തുല്യതാ പരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ളവർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനായി സമന്വയ എന്ന പേരിൽ ഒരു പദ്ധതി സാക്ഷരതാമിഷനുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. അടിസ്ഥാന സാക്ഷരത, നാലാംതരം, ഏഴാംതരം, പത്താംതരം, പന്ത്രണ്ടാംതരം, എന്നീ തുല്യതാ പരീക്ഷകൾക്ക് ആവശ്യമായ പരിശീലനമാണ് ട്രാൻസ്ജെന്റർ വ്യക്തികൾക്ക് നൽകി വരുന്നത്.

## 5. ട്രാൻസ്ജെന്റർ സ്കോളർഷിപ്പ്

സ്കൂൾ തലം മുതൽ പ്രൊഫഷണൽ ഡിഗ്രിതലം വരെയുള്ള ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപയും, +1.+2 വിദ്യാർത്ഥികൾക്ക് 1500/- രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് 2000/- രൂപയുമാണ് സ്കോളർഷിപ്പ് തുക. കഴിഞ്ഞ സാമ്പത്തിക വർഷം 5 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. അർഹരായ മുഴുവൻ ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്കും വകുപ്പ് തുക വിതരണം ചെയ്തു വരുന്നു.

**6. ട്രാൻസ്ജെന്റർമാർക്ക് ഡ്രൈവിംഗ് പരിശീലനം**

സംസ്ഥാനത്തെ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ഒരു ജില്ലയിൽ 5 പേർക്ക് വീതം ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി നടന്നു വരുന്നു.

**7. 24x7 ഹെൽപ്പ് ലൈൻ**

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ഹെൽപ്പ് ലൈൻ ട്രാൻസ്ജെന്റർ മാർക്കായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പലതരത്തിലുള്ള ശാരീരിക, മാനസിക പീഡനത്തിന് ഇരയാകുന്ന ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിനും ആവശ്യമെങ്കിൽ കൗൺസിലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്നതിനും ഹെൽപ്പ് ലൈൻ പര്യാപ്തമാണ്. നിലവിൽ ഓഫീസ് സമയങ്ങളിൽ മാത്രം പ്രവർത്തിച്ചു വരുന്ന ഹെൽപ്പ് ലൈൻ 2018 ജൂൺ 15 ആകുമ്പോഴേയ്ക്കും പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതാണ്. 24x7 ഹെൽപ്പ് ലൈൻ നമ്പർ- 18004252147.

**8. തൊഴിൽ നൈപുണ്യ പരിശീലനം**

സംസ്ഥാനത്ത് ആകമാനമുള്ള ട്രാൻസ്ജെന്റർ സമൂഹത്തിന് അവരുടെ

അഭിരുചിക്കനുസരിച്ചും തൊഴിൽ യോഗ്യത, വിദ്യാഭ്യാസ യോഗ്യത എന്നിവ മുൻനിർത്തിയും സർക്കാർ അംഗീകൃതവും അല്ലാത്തതുമായ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി അക്രഡിറ്റഡായ സന്നദ്ധ സംഘടനകളുടെ സഹായം പത്രപരസ്യം വഴി വകുപ്പ് തേടിയിട്ടുണ്ട്. 2018 ജൂൺ അവസാന വാരത്തോടുകൂടി നൈപുണ്യ പരിശീലന പരിപാടികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

**9.കെയർഹോം**

സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ, മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും ചികിത്സാകാലയളവിൽ താൽക്കാലിക താമസസൗകര്യം സജ്ജമാക്കുന്നതിനും തിരുവനന്തപുരം കേന്ദ്രീകരിച്ച് ഒരു കെയർ ഹോം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. ഇതിനായി കെട്ടിടം കണ്ടെത്തുകയും അനുബന്ധ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.

**10.ഷോർട്ട് സ്റ്റേ ഹോമുകൾ**

സംസ്ഥാനത്തെ നല്ലൊരു ശതമാനം ട്രാൻസ്ജെൻഡർ വ്യക്തികളും കുടുംബത്തിൽ നിന്നും പുറത്താക്കപ്പെട്ടിട്ടുള്ളവരോ, അസ്വസ്ഥമായ കുടുംബന്തരീക്ഷവുമായി പൊരുത്തപ്പെടാൻ കഴിയാത്തവരോ ആണ്. ഇത്തരം പ്രതിസന്ധികൾ നേരിടുന്നവർക്ക് താൽക്കാലിക സുരക്ഷ ഒരുക്കുന്നതിനായി ഷോർട്ട് സ്റ്റേ ഹോമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ കെട്ടിടം കണ്ടെത്തുന്നതിന് പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് 5 ജില്ലകളിലും ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്നതാണ്.

ഇതോടൊപ്പം നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ഇവയാണ്.

**1.HIV സീറോ സർവ്വയലൻസ് സെന്റർ**

ട്രാൻസ്ജെന്റർ വ്യക്തികളിൽ ഒരു ചെറിയ വിഭാഗമെങ്കിലും HIV ഉൾപ്പെടെയുള്ള ലൈംഗിക രോഗങ്ങൾ ബാധിച്ചിട്ടുള്ളവരാണ്. ഈ സാഹചര്യത്തിൽ HIV മുക്തമായ സമൂഹം സൃഷ്ടിക്കുന്നതിനായി സാമൂഹ്യക്ഷേമ ബോർഡ് വഴി HIV സീറോ സർവ്വയലൻസ് സെന്റർ നടപ്പു സാമ്പത്തിക വർഷം പ്രാവർത്തികമാക്കുന്നതാണ്.

**2. ബോധവൽക്കരണം**

ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ ഹ്രസ്വ ചിത്രങ്ങൾ ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിനും ആയത് വ്യാപകമായി ജനങ്ങളിലെത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കും.

**3.സ്വയംതൊഴിൽ പദ്ധതിക്കായി ധനസഹായം**

ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനം സാദ്ധ്യമാകുന്ന തരത്തിൽ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിക്കുന്നതാണ്. തൊഴിൽ നൈപുണ്യ

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ബന്ധപ്പെട്ട മേഖലയിൽ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ്.

**4. SRS സർജ്ജറി**

തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ലിംഗമാറ്റ ശാസ്ത്രക്രിയ നടത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പ് ആവിഷ്കരിക്കുന്നതാണ്. ഇതിലേയ്ക്കായി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ഇടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**5. ട്രാൻസ്ജെന്റർ കലോത്സവം**

ട്രാൻസ്ജെന്റർ വ്യക്തികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് പൊതു സമൂഹത്തിൽ കൂടുതൽ സ്വീകാര്യത ലഭ്യമാക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം എറണാകുളത്ത് വെച്ച് സംസ്ഥാനതല ട്രാൻസ്ജെന്റർ കലോത്സവം നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ